# പതിമൂന്നാം കേരള നിയമസഭ

എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3341 — 09.04.2013ൽ മറുപടിയ്ക്ക്

## രാജക്കാട് വാഹനാപകടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ. എസ്. സലീഖ . | ശ്രീ.പി.കെ.അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിനോദയാത്രയ്ക്കിടെ വെള്ളനാട് സാരാഭായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലെ വിദ്യാർത്ഥികൾ ഇടുക്കി ജില്ലയിലെ രാജാക്കാട്ട് വാഹന അപകടത്തിൽ മരിച്ചത് സംബന്ധിച്ച് പ്രസ്തുത കോളേജ് പ്രിൻസിപ്പലിന്റെ പ്രതികരണം ശ്രദ്ധയിൽ പ്പെട്ടോ; വിശദമാക്കമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് പ്രിൻസിപ്പാളിന്റേയും കോളേജ് അധികൃതരുടേയും വിശദീകരണം തേടിയിട്ടുണ്ട്. |
| (ബി) കുട്ടികളുടെ താത്പര്യങ്ങൾക്ക് എല്ലാ പ്രോൽസാഹനവും കൊടുക്കുകയും ഏതെങ്കിലും അപകടം നടന്നാൽ ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞുമാറുകയും ചെയ്യുന്ന കോളേജ് അധികൃതരുടെ സമീപനത്തിനെതിരെ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; | (ബി) കോളേജധികൃതരുടെ ഭാഗത്തു നിന്നുണ്ടായ പ്രസ്തുത സമീപനത്തിനെതിരെ പ്രിൻസിപ്പാളിന്റേയും കോളേജ് അധികൃതരുടേയും വിശദീകരണം തേടിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കോളേജിൽ നേരിട്ടെത്തി വിശദമായ അന്വേഷണം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) പ്രസ്തുത കോളേജിലെ ഇലക്ട്രിക്കൽ ആന്റ് ഇൻസ്ട്രുമെന്റേഷൻ അവസാനവർഷ വിദ്യാർത്ഥികളായ 43 വിദ്യാർത്ഥികളിൽ 39 പേർ വിനോദയാത്രയ്ക്ക് പുറപ്പെട്ടപ്പോൾ അതേക്കുറിച്ച് ഒന്നും അറിയില്ലായെന്ന കോളേജ് അധികൃതരുടെ സമീപനം ഉത്തരവാദിത്വപരമാണോ; പ്രസ്തുത കോളേജിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ; | (സി), (ഡി) & (ഇ) ഇത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തി സർക്കാരിന് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) വിനോദയാത്രയ്ക്കിടെ മരണപ്പെട്ട 7 വിദ്യാർത്ഥികളുടെ ഫീസിനത്തിലും അല്ലാതെയും അവർ അടച്ച മുഴുവൻ തുകയും കോളേജ് അധികൃതരിൽ നിന്നും വാങ്ങി പ്രസ്തുത കുടുംബങ്ങൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | |
| (ഇ) പരിക്കേറ്റ് ചികിൽസയിൽ കഴിയുന്ന മുഴുവൻ കുട്ടികളുടെയും ചെലവ് പ്രസ്തുത കോളേജ് അധികൃതരിൽ നിന്നും ഈടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | |

| | | | |
|---|---|---|---|
| (എഫ്) | വിനോദയാത്ര നടത്തുന്നതു സംബന്ധിച്ച് സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിൽ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എഫ്) | വെള്ളനാട് സാരാഭായി ഇൻസ്റ്റിറ്റൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയ്ക്ക് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുമായാണ് അഫിലിയേഷൻ ഉള്ളത്. പ്രസ്തുത യൂണിവേഴ്സിറ്റി, അംഗീകൃത കോളേജുകളിലെ വിദ്യാർത്ഥികൾ വിനോദയാത്ര പോകുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. |
| (ജി) | അപകടങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമാക്കാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിയ ശുപാർശകൾ സർക്കാരിന് സമർപ്പിച്ചുവോ; എങ്കിൽ എന്തെല്ലാമാണ് പുതിയ നിർദ്ദേശങ്ങൾ എന്ന് വെളിപ്പെടുത്തുമോ; പുതിയ നിർദ്ദേശങ്ങൾ എപ്പോൾ മുതൽ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ജി) | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നടത്തുന്ന അന്വേഷണം പൂർത്തിയായിട്ടില്ല. അന്വേഷണം എത്രയും പെട്ടെന്ന് തന്നെ പൂർത്തിയാക്കി ആയതിന്റെ റിപ്പോർട്ടും, ശുപാർശകളും സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ